# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3176** **07.02.2018-ൽ മറുപടിയ്ക്ക്**

**തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവും എന്നും വ്യക്തമാക്കുമോ; | എ) & ബി) 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ചാലിൽ ഗോപാൽപേട്ടയിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെ.എസ്.സി.എ.ഡി.സി ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന എരഞ്ഞോളിയിലെ ഇൻഡോർ ഹാച്ചറിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ചാലിൽ ഗോപാൽപേട്ടയിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| കുടിവെള്ള പദ്ധതി | 130.75 | പദ്ധതി പൂർത്തീകരിച്ചു |
| വൈദ്യുതീകരണം | 16.21 | പദ്ധതി പൂർത്തീകരിച്ചു |
| ഹൈമാസ്റ്റ് ലൈറ്റ് | 35.00 | 5 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു |
| ലൈബ്രറി കെട്ടിടം | 25.00 | പദ്ധതി പൂർത്തീകരിച്ചു. (പ്രവർത്തന സജ്ജമാണ്) |
| കോമൺടോയ്ലറ്റ് | 15.00 | പദ്ധതി ഉപേക്ഷിച്ചു (തലശ്ശേരി നഗരസഭാ 23/05/15 ലെ 62-ാം നമ്പർ തീരുമാന പ്രകാരം കോമൺ ടോയ്ലറ്റ് ആവശ്യമില്ല എന്ന വിവരം കെ.എസ്.സി.എ.ഡി.സി യെ അറിയിക്കുകയുണ്ടായി) |
| വ്യക്തിഗത ടോയ്ലറ്റ് (100 എണ്ണം) | 20.00 | പദ്ധതി ഉപേക്ഷിച്ചു (ഗുണഭോക്താക്കളെ ലഭ്യമായില്ല) |
| ജീവനോപാധിസഹായ വിതരണ പദ്ധതി (2 ഗുണഭോക്താക്കൾ) | 0.80 | പദ്ധതി ഉപേക്ഷിച്ചു (ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിച്ചു) |

2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നൽകിയ പദ്ധതികൾ.

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| തലശ്ശേരി അംഗൻവാടി നിർമ്മാണം | 22.00 | നിർമ്മാണം പൂർത്തീകരിച്ചു. |

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ തലശ്ശേരി നഗരസഭയിലെ മഞ്ഞോടിയിൽ തീരദേശ വികസനകോർപ്പറേഷൻ മുഖേന 250 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രസ്തുത മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രദേശത്തെ സ്ഥലവാസികൾ ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതിനാൽ മാർക്കറ്റ് ബിൽഡിംഗിങ്ങിലുള്ള അവസാനവട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മാർക്കറ്റ് ബിൽഡിംഗ് നഗരസഭക്ക് കൈമാറ്റം ചെയ്തിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി ട്രാഞ്ചേ 22 ൽ ഉൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ എരഞ്ഞോളി ഫിഷ് ഫാം വികസിപ്പിക്കുന്നതിനായി 163.00 ലക്ഷം രൂപയുടെ ഭരണാനുമതി 28/12/2016 - ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 20/12/2017 ൽ കരാറിൽ ഏർപ്പെട്ട് ആരംഭിച്ചു. പ്രവൃത്തിയുടെ കാലാവധി 6 മാസമാണ്.

സെക്ഷൻ ആഫീസർ